(ബി) ഡോക്ടർമാർ അണ്ട് എത്തിക്കൽ പ്രാക്ടീസ് ചെയ്യുന്നതായി ബോധ്യപ്പെട്ടാൽ മെഡിക്കൽ കൗൺസിലിന് അവരുടെ പേരിൽ നടപടി എടുക്കാൻ അധികാരമുണ്ട്. ഇത്തരം മരുന്നുകൾ വില്പന നടത്തുന്നവർക്കെതിരെ നടപടി എടുക്കുവാൻ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ വ്യവസ്ഥകളുണ്ട്.

വേദനാ സംഹാരികളും അലോപ്പതി ഔഷധങ്ങളും ഉപയോഗിച്ചുള്ള മയക്കുമരുന്ന്

112 [3501] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേദനാ സംഹാരികളും, അലോപ്പതി ഔഷധങ്ങളും ഉപയോഗിച്ചുള്ള മയക്കുമരുന്ന് ഉപയോഗം സംസ്ഥാനത്ത് വ്യാപകമായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണത തടയുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വേദനാ സംഹാരികളുടെയും മയക്കുമരുന്നുകളുടെയും ഒറ്റപ്പെട്ട ദുരുപയോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ ദുഷ്പ്രവണതയ്ക്കെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. ഇതു കൂടാതെ ഈ വിഭാഗത്തിൽ വരുന്നതായ മരുന്നുകൾ ശേഖരിക്കുന്നതും സൂക്ഷിക്കുന്നതും വില്പന നടത്തുന്നതും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണോ എന്ന് ഉറപ്പുവരുത്താൻ ഡ്രഗ്സ് കൺട്രോളറുടെ കീഴിൽ പ്രവർത്തിക്കുന്ന ഡ്രഗ് ഇൻസ്പെക്ടർമാർ മിന്നൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി മരുന്നു വിപണിയുടെ പരിശോധനകൾ കൂടുതൽ കർശനവും ഫലപ്രദവുമായി നടത്തുന്നുണ്ട്. എല്ലാ മെഡിക്കൽ കോളേജാശുപത്രികളിലും, ആലപ്പുഴ ഒഴികെയുള്ള മെഡിക്കൽ കോളേജുകളിലും ഡി അഡിക്ഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടർ നിയമനം

113 [3503] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറെ നിയമിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly